## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 853** **11/07/2016-ൽ മറുപടിയ്ക്ക്**

**<u>തിരുവനന്തപുരം ജില്ലയിലെ എൽ.പി.എസ്.എ നിയമനം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.സി.ദിവാകരൻ** | **പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ; | എ) നിലവിലെ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 89 പേർക്ക് നിയമനം നൽകി. |
| ബി) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തവ എത്ര; വ്യക്തമാക്കുമോ? | ബി) 191 ഒഴിവുകൾ നിലവിലുണ്ട്. അതിൽ 70 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിലെ നിലവിലെ ഉത്തരവുകൾ അനുസരിച്ച് നേരിട്ടുള്ള നിയമനത്തിന് കേഡർ സ്ട്രെങ്ത്തിന്റെ 65 ശതമാനവും, അന്തർജില്ലാ സ്ഥലംമാറ്റം/തസ്തിക മാറ്റം എന്നിവയ്ക്കായി 35 ശതമാനവും നീക്കിവെയ്ക്കണമെന്നാണ്. 2015-16-ലെ കണക്കുകൾ പ്രകാരം പി.എസ്.സി വഴി നേരിട്ടുള്ള നിയമനത്തിന് കേഡർ സ്ട്രെങ്ത്തിന്റെ നിശ്ചിത 65 ശതമാനത്തിലും കൂടുതൽ (81%) ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. അധിക അദ്ധ്യാപകർ നില-നിന്നിരുന്നതിനാൽ കഴിഞ്ഞ 4 |

വർഷമായി അന്തർ-ജില്ലാ പൊതു-സ്ഥലംമാറ്റം നടത്തിയിട്ടില്ല. ആയതിനാൽ അന്തർജില്ലാ സ്ഥലംമാറ്റം/തസ്തിക മാറ്റം തുടങ്ങിയ വിഭാഗങ്ങൾക്ക് കേഡർ സ്ട്രെങ്ത് വച്ച് കണക്കാക്കുമ്പോൾ നിശ്ചിത 35 ശതമാനത്തിലും കുറവ് ജീവനക്കാരാണ് ഇപ്പോൾ ഈ വിഭാഗത്തിൽ ജോലി ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ